/636750/2024

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

നമ്പർ:DT/223/2024-A6

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ സ്ഥാനക്കയറ്റം വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

വകുപ്പിലെ വിവിധ ഐ.ടി.ഐകളിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹരായ, നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ക്ലാസ്സ്-4 ജീവനക്കാരുടെ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട NTC/NAC യോഗ്യത ഉള്ളവരുടെ വിവരങ്ങളും ഓരോ സ്ഥാപനങ്ങളിലും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമകളിൽ 20 .01.2024 തീയതിയ്ക്കകം CRU വഴി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സ്ഥാനക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ NTC/NAC സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രസ്തുത പ്രൊഫോർമക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. അർഹരായ ജീവനക്കാർ ഇല്ലായെങ്കിൽ NIL റിപ്പോർട്ട് നൽകേണ്ടതാണ്. മറ്റ് ഇ-മെയിൽ വിലാസങ്ങളിൽ ലഭ്യമാക്കുന്ന വിവരങ്ങളും, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിക്കാത്ത ശിപാർശകളും പരിഗണിക്കുന്നതല്ല. വിവരങ്ങൾ യഥാസമയം ലഭ്യമാക്കാതിരിക്കുകയും അതുവഴി അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും അതിന്റെ ഉത്തരവാദിത്തം.

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് :- എല്ലാ സ്ഥാപന മേധാവികളും

പകർപ്പ് :- വകുപ്പ് വെബ്സൈറ്റ്

Signed by
Retheesan C
Date: 12-01-2024 10:47:31

/636748/2024

**വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനു അർഹരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വിവരങ്ങൾ**

സ്ഥാപനത്തിന്റെ പേര്:- ...............

| ക്രമ.നം | ജീവനക്കാരന്റെ പേര് | ലാസ്റ്റ് ഗ്രേഡ് സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം | ട്രേഡ് | NTC/NAC കരസ്ഥമാക്കിയ വർഷം | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

സ്ഥാപനമേധാവിയുടെ ഒപ്പ്

## വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവ് സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര് :-

| ക്രമ.നം | ഒഴിവുള്ള ട്രേഡ് | ഒഴിവ് ഉണ്ടായ വർഷം | റിമാർക്സ് |
|---|---|---|---|
| | | | |
| | | | |

സ്ഥാപനമേധാവിയുടെ ഒപ്പ്